# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7907 23/07/2012 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## വിജിലൻസ് കണ്ടെത്തിയ കൈക്കൂലി കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി:** | **ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ജീവനക്കാർ കൈക്കൂലികേസിൽ വിജിലൻസിന്റെ പിടിയിലായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 30 ജീവനക്കാർ കൈക്കൂലികേസിൽ പിടിയിലായിട്ടുണ്ട്. |
| (ബി) ഇവരിൽ എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ഇവരിൽ ആരുംതന്നെ ഇപ്പോൾ ശിക്ഷിക്കപ്പെട്ടിട്ടില്ല. അന്വേഷണ നടപടികൾ പൂർത്തിയാകാത്തതിനാൽ കോടതി നടപടികൾ ആരംഭിച്ചിട്ടില്ല. |
| (സി) കൈക്കൂലി വാങ്ങിയതിന്റെ പേരിൽ എത്രപേരെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) വി.സി.02/03/കെ.എൻ.ആർ, സി.സി.32/04-ലെ പ്രതിയായ ശ്രീ.അജിത് കുമാർ, സർക്കിൾ ഇൻസ്പെക്ടറെ സർവ്വീസിൽ നിന്നും ഡിസ് മിസ് ചെയ്തിട്ടുണ്ട്. വി.സി.2/2006/TVPM ലെ പ്രതിയായ ശ്രീ.പ്രദീപ് കുമാർ, ഡി.വൈ.എസ്.പി, വി.സി.3/2007/കെ.എൽ.എം. -ലെ പ്രതികളായ ശ്രീ.വി.എം.കേശ്ലൺ, പോലീസ് സബ്ഇൻസ്പെക്ടർ, സി.ആർ.സന്തോഷ്, പി.സി.ഇ 8249 എന്നിവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. വി.സി.3/2007/കെ.എൽ.എം. ലെ മറ്റൊരു പ്രതിയായ ആൻറണി ക്രോണിസ്, പി.സി.ഇ.5192 സർവ്വീസിൽ നിന്ന് വിരമിക്കുകയും ചെയ്തു. |
| (ഡി) എത്ര കൈക്കൂലി കേസുകൾ നിലവിൽ കോടതിയുടെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ ; | (ഡി) കൈക്കൂലി കേസുമായി ബന്ധപ്പെട്ട് വിജിലൻസ് സ്പെഷ്യൽ കോടതികളിൽ കുറ്റപത്രം സമർപ്പിച്ച 144 കേസുകൾ നിലവിൽ വിവിധ വിജിലൻസ് കോടതികളിൽ വിചാരണയിലാണ്. |
| (ഇ) കൈക്കൂലി കേസിൽ എത്രപേരെ വെറുതെ വിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ഇ) വിചാരണ പൂർത്തിയായ മൂന്ന് കൈക്കൂലി കേസുകളിൽ മൂന്ന് ഉദ്യോഗസ്ഥരെ കോടതി വെറുതെ വിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ